**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4365** **28-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് മുഖേനയുള്ള കാർഷിക വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്ക് മുഖേന ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര കോടി രൂപയുടെ കാർഷിക വായ്പ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; | (എ) | കേരള ബാങ്ക് മുഖേന 01-04-2021 മുതൽ 30-09-2021 വരെ 3233 കോടി രൂപ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ത്രിതല സംവിധാനം ഒഴിവാക്കി കേരള ബാങ്കിന്റെ ദ്വിതീയ സംവിധാനം നടപ്പാക്കിയത് വഴി വായ്പയുടെ പലിശ നിരക്കിൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ത്രിതല സംവിധാനം ഒഴിവാക്കി കേരള ബാങ്കിന്റെ ദ്വിതല സംവിധാനം നടപ്പാക്കിയത് വഴി വായ്പയുടെ പലിശ നിരക്കിൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. 7% നിരക്കിൽ നൽകി വന്നിരുന്ന കാർഷിക വായ്പ കേരള ബാങ്കിന്റെ രൂപീകരണത്തോടെ 1% കുറച്ച് 6% നിരക്കിൽ കർഷകർക്ക് PACS മുഖേന നൽകി വരുന്നു. ഇതിൽ 3% പലിശ സബ്സിഡി ലഭിക്കുന്നു. NABARD Refinance Scheme അനുസരിച്ച് PACS as MSC സ്കീമിൽ സംഘങ്ങൾക്ക് 4% നിരക്കിൽ കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി വായ്പ അനുവദിക്കുന്നു. ഇതിൽ 3% സബ്സിഡി ലഭിക്കുന്നതാണ്. ജില്ലാ ബാങ്കുകളുടെ ഇടനില മാർജിൻ ഒഴിവായതിനാൽ 3% പലിശ സബ്സിഡിയുടെ ആനുകൂല്യം നേരിട്ട് കർഷകർക്ക് ലഭിക്കുന്നു. കൂടാതെ സംഘങ്ങൾക്ക് പുനർവായ്പാ പദ്ധതി പ്രകാരം താഴെപ്പറയുന്ന നിരക്കിൽ വായ്പകൾ അനുവദിക്കുന്നു. KCC – 5.25% KCC Gold-6.00% SLF -5.40% ദീർഘകാല വായ്പ-4.90% ബാങ്കിൽ നിന്നും വിതരണം ചെയ്യുന്ന MSME വായ്പകൾക്ക് 8.75% മുതലുള്ള പലിശയാണ് ഈടാക്കിവരുന്നത്. കാർഷിക വായ്പകൾ വ്യക്തികൾക്ക് 8.50% പലിശ നിരക്കിൽ നൽകി വരുന്നു. കൂടാതെ കർഷകർക്ക് കാർഷിക വായ്പകൾ 7% പലിശ നിരക്കിൽ 3% പലിശ സബ്സിഡിയോട് കൂടി നൽകുന്നു. മറ്റ് വ്യക്തിഗത വായ്പകൾ 11% നിരക്കിലും നൽകിവരുന്നു. |
| (സി) | കേരള ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ, | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ AIF പദ്ധതി പ്രാദേശിക കാർഷിക ഉൽപന്നങ്ങളെ മൂല്യവർദ്ധിത |

| | | | |
|---|---|---|---|
| | അർബൻ ബാങ്കുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുള്ള സംരംഭങ്ങൾക്ക് നൽകുന്ന വായ്പകൾക്ക് പലിശ നിരക്ക് 1% ആണ്. പ്രാഥമിക സഹകരണ സംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി വിവിധോദ്ദേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള Special Refinance Facility (SRF)നബാർഡ് ധനസഹായത്തോടെ കേരള ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി കാർഷികേതര വായ്പയായി എല്ലാ സഹകരണ സംഘങ്ങൾക്കും "സമഗ്ര" എന്ന സ്കീമിൽ ഉൾപ്പെടുത്തി പുതിയ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ